**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1707** 18.06.2012 -ൽ മറുപടിയ്ക്ക്

**കേന്ദ്ര കുറിനിയമം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പാലോട് രവി<br>ശ്രീ.വി.പി.സജീന്ദ്രൻ<br>ശ്രീ.ലുഡി ലൂയിസ്<br>ശ്രീ.പി.സി.വിഷ്ണുനാഥ് | | ശ്രീ.കെ.എം.മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്രകുറി നിയമം സംസ്ഥാനത്ത് നടപ്പിലാക്കുമ്പോൾ എന്തെല്ലാം മാറ്റങ്ങളാണ് ഈ മേഖലയിൽ ഉണ്ടാകാൻ പോകുന്നത് ; | (എ) | 1982-ലെ കേന്ദ്ര ചിട്ടി നിയമം പ്രവർത്തി പഥത്തിൽ വരുന്നതോടു കൂടി ചിട്ടി വരിക്കാരുടെ താത്പര്യങ്ങൾ പൂർണ്ണമായും സംരക്ഷിക്കപ്പെടുമെന്നാണ് പ്രതീക്ഷിക്കുന്നത്. 1975 ലെ കേരള ചിട്ടീസ് ആക്ടിലെ പഴുതുകൾ ഉപയോഗിച്ച് ജമ്മു കാശ്മീർ, ഹരിയാന തുടങ്ങിയ സംസ്ഥാനങ്ങളിൽ ചിട്ടി ആരംഭിച്ചതിനുശേഷം സംസ്ഥാനത്ത് ചിട്ടി നടത്തുന്ന സാഹചര്യം കേന്ദ്ര നിയമത്തിലെ 4-ാം വകുപ്പ് പ്രകാരം നിയന്ത്രിക്കാനാകും. പ്രത്യക്ഷത്തിൽ ചിട്ടി മേഖലയിൽ ഉണ്ടാകുന്ന പ്രധാന മാറ്റങ്ങൾ ചുവടെ ചേർക്കുന്നു. ചിട്ടി നടത്തുന്ന കമ്പനികൾ മറ്റ് ബിസിനസുകൾ നടത്തുന്നത് 12-ാം വകുപ്പ് പ്രകാരം നിരോധിക്കപ്പെട്ടിരിക്കുന്നു. 11-ാം വകുപ്പ് പ്രകാരം ചിട്ടി ബിസിനസ് നടത്തുന്ന ഒരു സ്ഥാപനത്തിന്റെ പേരിനൊപ്പം ചിറ്റ്, ചിറ്റ് ഫണ്ട്, ചിട്ടി, കുറി എന്നിവയിൽ ഏതെങ്കിലും ഒരു വാക്ക് ഉപയോഗിക്കേണ്ടതാണ്. അതുപോലെ ചിട്ടി ബിസിനസ് നടത്താത്ത ഒരാൾക്ക് മേൽ പറഞ്ഞ വാക്കുകൾ സ്ഥാപനത്തിന്റെ പേരായി ഉപയോഗിക്കാൻ പാടില്ലെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.<br>(......................2) |

| | | | |
|---|---|---|---|
| | | | ചിട്ടിയുടെ കാലാവധിക്ക് ഒരു പരിധി നിശ്ചയിച്ചുകൊണ്ടുള്ള വ്യവസ്ഥകൾ 1975 ലെ കേരള ചിട്ടീസ് ആക്ടിൽ ഉണ്ടായിരുന്നില്ല. എന്നാൽ കേന്ദ്രനിയമത്തിന്റെ 6-ാം വകുപ്പിൽ ചിട്ടികളുടെ കാലാവധി 5 വർഷത്തിൽ അധികമാകരുതെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പ്രത്യേകമായ ആവശ്യകത ബോദ്ധ്യപ്പെട്ടാൽ 10 വർഷം വരെയുള്ള കാലാവധി അനുവദിക്കാൻ സർക്കാരിന് അധികാരമുണ്ട്. കേന്ദ്ര നിയമം സംസ്ഥാനത്ത് നടപ്പാകുന്നതോടെ ചിട്ടി വരിക്കാർക്ക് കൂടുതൽ സുരക്ഷിതത്വം ലഭിക്കുന്നതാണ്. |
| (ബി) | ഇതിന് ആവശ്യമായ ചട്ടങ്ങൾ രൂപീകരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ; | (ബി) | ചിറ്റ് ഫണ്ട്സ് ആക്ട് 89-ാം വകുപ്പ് പ്രകാരം റിസർവ്വ് ബാങ്കുമായി കൂടിയാലോചിച്ച് രൂപീകരിച്ച ചട്ടങ്ങൾ ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (സി) | ഇതുസംബന്ധിച്ച് ആർ.ബി.ഐ.യുമായി ചർച്ച നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ; | (സി) | ഉണ്ട്.<br>1982 ലെ കേന്ദ്ര ചിട്ടി നിയമം കേരളത്തിൽ നടപ്പാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാർ തയ്യാറാക്കിയ കരട് ചട്ടങ്ങൾ റിസർവ്വ് ബാങ്ക് ഓഫ് ഇൻഡ്യയ്ക്ക് അയച്ചു കൊടുക്കുകയും ആയത് ആവശ്യമായ ഭേദഗതികൾ വരുത്തി റിസർവ്വ് ബാങ്ക് തിരികെ നൽകുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | പൊതുമേഖലയിൽ നടത്തുന്ന കുറികളെ ഇത് എപ്രകാരം ബാധിക്കുമെന്ന് വ്യക്തമാക്കാമോ ? | (ഡി) | ചിട്ടി വരിക്കാരുടെ താത്പര്യ സംരക്ഷണത്തിനും സുരക്ഷിതത്വത്തിനുമായുള്ള വ്യവസ്ഥകൾ കേന്ദ്ര ചിട്ടി നിയമത്തിൽ ഉണ്ട്. മുൻകൂർ അനുമതി, ആസ്തി സംബന്ധിച്ച വ്യവസ്ഥ എന്നിവയിൽ നിന്നും കേരള സർക്കാരിന്റെ ഉടമസ്ഥതയിലുള്ള കമ്പനികളെ കേരള ചിട്ടി നിയമത്തിൽ ഒഴിവാക്കിയിരുന്നു. അത്തരം ഇളവുകൾ കേന്ദ്ര ചിട്ടി നിയമത്തിൽ ഇല്ല.<br>(.....................3) |

| | | | |
|---|---|---|---|
| | | | എന്നാൽ കേന്ദ്ര നിയമത്തിലെ 87-ാം വകുപ്പിൽ ഏതെങ്കിലും വ്യക്തികളെയോ, എതെങ്കിലും ചിട്ടിയെയോ, ഏതെങ്കിലും വിഭാഗത്തിൽ പെട്ട ചിട്ടികളെയോ നിയമത്തിൽനിന്നോ, അതിന്റെ ഏതെങ്കിലും വ്യവസ്ഥയിൽ നിന്നോ ഒഴിവാക്കാൻ വ്യവസ്ഥയുണ്ട്.<br>പുതിയ നിയമത്തിലൂടെ ചിട്ടി മേഖല സുതാര്യവും പരാതിരഹിതവും വിശ്വസനീയവും ആകുന്നതോടെ ചിട്ടി ബിസിനസിന് ഉണ്ടാകുന്ന പുരോഗതിയുടെ നേട്ടങ്ങൾ പൊതുമേഖലാ സ്ഥാപനങ്ങൾക്കും ലഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ